ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
# KERALA STATE BIODIVERSITY BOARD

**A statutory and autonomous body, Government of Kerala**

Kailasam, T.C.4/1679 (1), No. 43, Belhaven Gardens, Kowdiar P.O.,
Thiruvananthapuram – 695 003; Phone: 0471-2724740
E-mail: keralabiodiversity@gmail.com, Web: www.keralabiodiversity.org
Toll free No: 1800 425 5383

## കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്ക്കാരം - മാർഗരേഖ

കേരള സംസ്ഥാന പരിസ്ഥിതി വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പരിസ്ഥിതി സംരക്ഷണരംഗത്തും ജൈവവൈവിധ്യ സംരക്ഷണ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവക്കുന്ന വ്യക്തികളെയും സംഘടനകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മാധ്യമപ്രവർത്തകരെയും അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരമാണ് "കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്ക്കാരം" ("Kerala State Biodiversity Conservation Award").

2019- ലെ ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾക്ക് വിവിധ വിഭാഗങ്ങളിലായി 13 അവാർഡുകളാണ് നൽകുന്നത്. ഇതിൽ ഏഴ് അവാർഡുകൾ വ്യക്തിഗത പ്രവർത്തനങ്ങൾക്കും, ആറു അവാർഡുകൾ സംഘടനകൾ / വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉള്ളതാണ്. 01.01.2019 മുതൽ 31.12.2019 വരെയുള്ള കാലയളവിലെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

| | വിഭാഗം | തുക (രൂപ) |
|---|---|---|
| **വ്യക്തിഗത പുരസ്ക്കാരങ്ങൾ** | | |
| കാറ്റഗറി 1 | ഹരിത വ്യക്തി അഥവാ ജൈവവൈവിധ്യ പരിസ്ഥിതി സംരക്ഷകൻ **PROFORMA -II** | 50,000.00 |
| കാറ്റഗറി 2 | നാടൻ സസ്യ ഇനങ്ങളുടെ സംരക്ഷകൻ അഥവാ ജനിതക വൈവിധ്യ സംരക്ഷകൻ (സസ്യജാലം) **PROFORMA -II** | 50,000.00 |
| കാറ്റഗറി 3 | നാടൻ വളർത്തു പക്ഷി മൃഗാദികളുടെ സംരക്ഷകൻ അഥവാ ജനിതക വൈവിധ്യ സംരക്ഷകൻ (ജന്തുജാലം) **PROFORMA -II** | 50,000.00 |
| കാറ്റഗറി 4 | ജൈവവൈവിധ്യ ഗവേഷകൻ (വർഗീകരണ ശാസ്ത്രം (ടാക്സോണമി) സസ്യവിഭാഗം/സൂക്ഷ്മജീവികളും/ കുമിളുകളും / ജന്തു വിഭാഗം) **PROFORMA -II** | 25000 * 2= 50000 |
| കാറ്റഗറി 5 | നാട്ടു ശാസ്ത്രജ്ഞൻ/നാട്ടറിവ് സംരക്ഷകൻ: (സസ്യ / ജന്തു വിഭാഗം) **PROFORMA -II** | 25000 * 2= 50000 |
| കാറ്റഗറി 6 | ഹരിത പത്രപ്രവർത്തകൻ അഥവാ ജൈവവൈവിധ്യ പത്ര പ്രവർത്തകൻ (അച്ചടി മാധ്യമം) **PROFORMA -III** | 25,000.00 |
| കാറ്റഗറി 7 | ഹരിത ഇലക്ട്രോണിക് മാധ്യമ പ്രവർത്തകൻ അഥവാ ജൈവവൈവിധ്യ ദൃശ്യ/ശ്രവ്യ മാധ്യമ പ്രവർത്തകൻ (മലയാളം) | 25,000.00 |

| | PROFORMA -III | |
|---|---|---|
| സ്ഥാപനങ്ങൾക്കുള്ള പുരസ്ക്കാരങ്ങൾ | | |
| കാറ്റഗറി 8 | മികച്ച ജൈവവൈവിധ്യ പരിപാലന സമിതി (3 അവാർഡ്) **PROFORMA -I** | 1,00000<br>50,000<br>25,000 |
| കാറ്റഗറി 9 | ഹരിത വിദ്യാലയം അഥവാ ജൈവവൈവിധ്യ സ്കൂൾ **PROFORMA -IV** | 25,000.00 |
| കാറ്റഗറി 10 | ഹരിത കോളേജ് അഥവാ ജൈവവൈവിധ്യ കോളേജ് **PROFORMA -IV** | 25,000.00 |
| കാറ്റഗറി 11 | ഹരിത സ്ഥാപനം അഥവാ ജൈവവൈവിധ്യ സംരക്ഷണ സ്ഥാപനം (ഗവൺമെന്റ്) **PROFORMA -IV** | 25,000.00 |
| കാറ്റഗറി 12 | ജൈവവൈവിധ്യ മേഖലയിലെ മികച്ച സന്നദ്ധ സംഘടന അഥവാ ജൈവവൈവിധ്യ സംഘടന (എൻ ജി ഒ) **PROFORMA -IV** | 25,000.00 |
| കാറ്റഗറി 13 | മികച്ച ജൈവവൈവിധ്യ സ്ഥാപനം (വ്യവസായ സ്ഥാപനം - സ്വകാര്യ മേഖല) **PROFORMA -IV** | 25,000.00 |

**പുരസ്ക്കാര മാനദണ്ഡങ്ങൾ**

- വ്യക്തിഗത പുരസ്ക്കാരങ്ങൾക്ക് ഇന്ത്യൻ പൗരത്വമുള്ളവരും കേരളത്തിൽ സ്ഥിരതാമസക്കാരും, കേരളത്തിനകത്ത് നടത്തിയ പ്രവർത്തനങ്ങൾക്കുമാണ് പുരസ്കാരം നൽകുന്നത്. സംഘടനാ പുരസ്ക്കാരങ്ങൾക്ക് കേരളത്തിൽ പ്രവർത്തിക്കുന്ന സംഘടനകളെയായിരിക്കും പരിഗണിക്കുന്നത്.
- അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന് സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പുവഴി കേരളത്തിലെ മാധ്യമങ്ങളിലൂടെ പ്രചാരം നൽകുന്നതാണ്. പുരസ്ക്കാരത്തിന്റെ മാനദണ്ഡങ്ങൾ, അപേക്ഷാഫോറം സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഓഫീസ്/വെബ്സൈറ്റ് വഴി ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കും. അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഓഫീസിൽ ലഭിക്കേണ്ടതാണ്.
- മുൻവർഷങ്ങളിൽ ഈ സ്ഥാപനത്തിൽ നിന്നും ഏതെങ്കിലും വിഭാഗത്തിൽ അവാർഡുകൾ ലഭിച്ചിട്ടുള്ളവർ അഞ്ചു വർഷത്തിന് ശേഷം വീണ്ടും വ്യത്യസ്തമായും, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ പുനരുജ്ജീവനം നടത്തുന്നുണ്ടെങ്കിൽ മാത്രമേ അതേ അവാർഡിന് അപേക്ഷിക്കുവാൻ പാടുള്ളൂ.
- പരിസ്ഥിതി/ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ലാഭേച്ഛയില്ലാതെ നിർവ്വഹിക്കുന്നവർക്കായിരിക്കും അവാർഡിന് അർഹതയുണ്ടാവുക.
- ഓരോ വർഷവും വിവിധ അവാർഡുകൾ നിർണയിക്കാൻ വൈദഗ്ദ്യവും പ്രാഗത്ഭ്യവുമുള്ള വ്യക്തികളെ ഉൾപ്പെടുത്തിയാകും ജഡ്ജിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത്.

- നിർദ്ദേശിക്കുന്ന വ്യക്തി/ സ്ഥാപനം/ വിദ്യാഭ്യാസ സ്ഥാപനം; അവാർഡിന് പരിഗണിക്കപ്പെടാൻ അർഹതയുള്ളവരുടെ പ്രവർത്തനങ്ങൾ, അടുത്ത ഒരു വർഷത്തെ പദ്ധതിയുടെ ആസൂത്രണം എന്നിവ ചുരുക്കി രണ്ട് പേജിൽ കവിയാതെ ടൈപ്പ് ചെയ്ത് അപേക്ഷയോടൊപ്പം നൽകണം. കൂടാതെ വീഡിയോ സി.ഡി.കൾ, പത്രറിപ്പോർട്ടുകളുടെ പകർപ്പ്, ലഭിച്ച പുരസ്കാരങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവയും വ്യക്തിയുടെ / വിദ്യാഭ്യാസ സ്ഥാപനത്തിന്റെ/ സംഘടനാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിൽക്കണ്ട് ബോധ്യമുള്ള രണ്ട് പ്രമുഖ വ്യക്തികളുടെ മേൽവിലാസവും ഫോൺ നമ്പറും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ സമർപ്പിക്കുന്ന അപേക്ഷകളിലോ അനുബന്ധങ്ങളിലോ എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകിയതായി ജൈവവൈവിധ്യ ബോർഡിനോ ജഡ്ജിങ്ങ് കമ്മിറ്റിക്കോ ബോധ്യപ്പെട്ടാൽ അപേക്ഷകൾ നിരസിക്കുന്നതാണ്. അവാർഡ് നിർണയത്തെ സംബന്ധിക്കുന്ന അന്തിമ തീരുമാനം ബോർഡിൽ നിക്ഷിപ്തമായിരിക്കും.
- അവാർഡിനായി സമർപ്പിക്കുന്ന രേഖകൾ (ബുക്കുകൾ, സി.ഡി.കൾ, ഫോട്ടോഗ്രാഫുകൾ തുടങ്ങിയവ) തിരികെ നൽകുന്നതല്ല.
- ഏതെങ്കിലും വിഭാഗത്തിൽ രണ്ട് നോമിനേഷനുകൾ തുല്യമായ സംഭാവനകൾ നൽകിയിട്ടുള്ളതായി ജഡ്ജിംഗ് കമ്മിറ്റി കണ്ടെത്തി പേരുകൾ നിർദ്ദേശിച്ചാൽ അവാർഡ് തുല്യമായി വീതിച്ചു നൽകുന്നതാണ്. ഏതെങ്കിലും വിഭാഗത്തിൽ അവാർഡിന് അർഹമായ അപേക്ഷകൾ ഇല്ലെങ്കിൽ ആ വിഭാഗത്തിൽ അവാർഡ് ആ വർഷം നൽകുന്നതല്ല.
- ജൈവവൈവിധ്യ ബോർഡിലെ ഉദ്യോഗസ്ഥർക്കോ, ബോർഡ് അംഗങ്ങൾക്കോ, ജില്ലാതല സാങ്കേതിക സഹായ സമിതി അംഗങ്ങൾക്കോ അവാർഡിന് അപേക്ഷിക്കാനോ, നോമിനേറ്റ് ചെയ്യാനോ അർഹതയുണ്ടായിരിക്കുന്നതല്ല.
- മേൽപ്പറഞ്ഞ പുരസ്കാരങ്ങൾക്കെല്ലാം ജൈവവൈവിധ്യ സംരക്ഷണരംഗത്തെ ആജീവനാന്ത പ്രവർത്തനങ്ങളാണ് പരിഗണിക്കുന്നതെങ്കിലും അവാർഡിന് നടപ്പു വർഷത്തിലെ (01.01.2019 മുതൽ 31.12.2019 വരെയുള്ള) പ്രവർത്തനങ്ങൾ മാത്രമേ പ്രാമുഖ്യം നൽകുകയുള്ളൂ.
- **അവാർഡ് അപേക്ഷകൾ ഓൺലൈൻ വഴി മാത്രമേ അയക്കാൻ പാടുള്ളൂ.** അപേക്ഷയടക്കം വിവരങ്ങൾ സ്കാൻ ചെയ്തു, പരമാവധി 30 എംബി, സിംഗിൾ ഫയലാക്കി ഇമെയിൽ വഴി അയക്കാവുന്നതാണ്. ഓൺലൈൻ വഴി അയക്കുന്നതിന്റെ Hardcopy തപാലിൽ അയക്കേണ്ടതാണ് അപേക്ഷയിൽ നൽകിയ വിവരങ്ങൾക്കനുസരിച്ചു വേണം സഹായ രേഖകൾ തയ്യാറാക്കി നൽകേണ്ടത്. അപേക്ഷക്കൊപ്പം വീഡിയോ ക്ലിപ്പുകൾ അയക്കുന്നവർ, 5 മിനിറ്റ് വീഡിയോ ആക്കി ചുരുക്കി ( പരമാവധി 5 എം ബി, എംപി 4 ഫോർമാറ്റ് ) അയക്കാവുന്നതാണ്. ദൃശ്യ/ശ്രവ്യ മാധ്യമ പ്രവർത്തകർ അയക്കുന്ന വിഡിയോകൾ 20 മിനിറ്റ് മാത്രമേ ദൈർഘ്യം ഉണ്ടാകാൻ പാടുള്ളൂ.
- കാറ്റഗറി 6, 7 ഒഴികെയുള്ള അപേക്ഷകരെ രണ്ടു ടി എസ് ജി മെമ്പർമാരും , ബോർഡിലെ ഉദ്യോഗസ്ഥരും അടങ്ങുന്ന കമ്മറ്റി നേരിട്ട് സന്ദർശിച്ചു പ്രാഥമിക പരിശോധന നടത്തി പ്രവർത്തനങ്ങളും, രേഖകളും വിലയിരുത്തുന്നതാണ്. ആവശ്യമെന്നു തോന്നുന്ന പക്ഷം

അവാർഡ് നിർണയത്തിന്റെ ഭാഗമായി ജൈവവൈവിധ്യ പ്രവർത്തനം നടത്തിയിട്ടുള്ള സ്ഥലങ്ങൾ ജഡ്ജിങ് കമ്മറ്റി അംഗങ്ങൾ നേരിട്ട് സന്ദർശിച്ചു വിലയിരുത്തുന്നതാണ്.

- ഈ അവാർഡുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും അവാർഡ് നിർണയ കമ്മറ്റിയുടെ അന്തിമ തീരുമാനമായിരിക്കും.
- അപൂർണ്ണമായതോ തെറ്റായ വിവരങ്ങളുള്ള അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. ഈ അപേക്ഷകൾക്ക് പുനരവലോകത്തിനും, അപ്പീൽ നൽകാനുള്ള യോഗ്യത ഉണ്ടായിരിക്കുന്നതല്ല.
- ജൈവവൈവിധ്യ അവാർഡിന്റെ നിർണയമാനദണ്ഡങ്ങൾ ജൈവവൈവിധ്യബോർഡ് തീരുമാനമനുസരിച്ചു എല്ലാവർഷവും പുതുക്കുന്നതാണ്.

**വ്യക്തിഗത പുരസ്ക്കാരങ്ങൾ**

**1. ഹരിത വ്യക്തി അഥവാ ജൈവവൈവിധ്യ പരിസ്ഥിതി സംരക്ഷകൻ**

കാട്, ജലാശയങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കൊറ്റില്ലങ്ങൾ, സമുദ്ര ജൈവവൈവിധ്യം, കാർഷിക ജൈവവൈവിധ്യം തുടങ്ങിയ പ്രകൃതി സമ്പത്തുക്കളെ സംരക്ഷിക്കുകയോ ഇത്തരം പ്രകൃതി സമ്പത്തുകൾ സ്വയമേവ രൂപപ്പെടുത്തി ലാഭേച്ഛ കൂടാതെ സംരക്ഷിക്കുകയും, ജനങ്ങൾക്കിടയിൽ ജൈവ വൈവിധ്യ സംരക്ഷണത്തെ കുറിച്ച് പ്രചാരണം നടത്തുകയും ചെയ്യുന്ന വ്യക്തികളെയായിരിക്കും ഹരിത വ്യക്തി അഥവാ ജൈവ വൈവിധ്യ പരിസ്ഥിതി സംരക്ഷകൻ എന്ന വിഭാഗത്തിൽ പരിഗണിക്കുക. ഔദ്യോഗിക ജോലിയുടെ ഭാഗമായി ചെയ്യുന്ന പ്രവർത്തനങ്ങൾ പരിഗണിക്കില്ല.

**2.നാടൻ സസ്യ ഇനങ്ങളുടെ സംരക്ഷകൻ അഥവാ ജനിതക വൈവിധ്യ സംരക്ഷകൻ (സസ്യജാലം)**

ഒട്ടേറെ നാടൻ വിത്തിനങ്ങളും വിളകളും ഔഷധ സസ്യങ്ങളുടെയും സംരക്ഷണ ത്തിനു മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കാണ് ഈ അവാർഡ് നൽകുക. അപൂർവവും, വംശനാശഭീഷണി നേരിടുന്നതുമായ വിളയിനങ്ങൾ സംരക്ഷിക്കുന്ന വ്യക്തികൾക്കും, കാർഷിക ജനിതക വൈവിധ്യം സംരക്ഷിക്കുന്ന കർഷകർക്കും മുൻഗണന നൽകുന്നതാണ്. ഇവയുടെ വിത്തുകളും നടീൽ വസ്തുക്കളും നട്ടുവളർത്തി മറ്റുള്ളവർക്ക് ലഭ്യമാക്കി ഇവയെ വംശനാശത്തിൽ നിന്നും രക്ഷിക്കുന്ന വിധത്തിലുള്ള പ്രവർത്തന ങ്ങൾക്കായിരിക്കും മുൻഗണന നൽകുന്നത്. കാർഷിക രംഗത്ത് പുതിയ ഇനങ്ങൾ ഉരുതിരിച്ച് എടുക്കുന്ന പ്രാദേശിക നാട്ടുശാസ്ത്രജ്ഞർക്കും ഈ അവാർഡിന് അപേക്ഷിക്കാവുന്നതാണ്. ജൈവ വൈവിധ്യ സംരക്ഷണ രംഗത്ത് നടത്തുന്ന നൂതന കണ്ടുപിടുത്തങ്ങൾക്കും മുൻഗണന നൽകുന്നതാണ്. ജൈവവൈവിധ്യ മേഖലയിൽ പേറ്റന്റ്/നാഷണൽ/സ്റ്റേറ്റ് അംഗീകാരങ്ങൾ ലഭിച്ചവരെ പ്രത്യേകം പരിഗണിക്കുന്നതാണ്. ഔദ്യോഗിക ജോലിയുടെ ഭാഗമായി ചെയ്യുന്ന പ്രവർത്തനങ്ങൾ പരിഗണിക്കില്ല. തദ്ദേശീയ ജാതികളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്.

### 3.നാടൻ വളർത്തു പക്ഷിമൃഗാദികളുടെ സംരക്ഷകൻ അഥവാ ജനിതക വൈവിധ്യ സംരക്ഷകൻ (ജന്തുജാലം)

രോഗപ്രതിരോധശേഷിയും അതിജീവനശേഷിയും കൂടിയ നിരവധി നാടൻ ഇനങ്ങളുടെയും, മറ്റു ജന്തുജാലങ്ങളുടെയും ഈറ്റില്ലമാണ് ഭാരതം. എന്നാൽ ഇവയിൽ ഒരു നല്ല പങ്കും അപൂർവമായിക്കഴിഞ്ഞു. ഇത്തരം ഇനങ്ങളെ തനതായ രീതിയിൽ വളർത്തി സംരക്ഷിക്കുന്നവർക്കാണ് ഈ പുരസ്ക്കാരം നൽകുക. കേരളത്തിന്റെ തനതായ വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, അട്ടപ്പാടി ആടുകൾ, തലശ്ശേരി കോഴികൾ, തദ്ദേശീയമായ മറ്റു ഇനങ്ങളുടെ സംരക്ഷകർ എന്നിവർക്ക് മുൻഗണന നൽകും. ഈ ഇനങ്ങളുടെ കിടാക്കളെ/കുഞ്ഞുങ്ങളെ മറ്റ് വ്യക്തികൾക്ക് നൽകി ഇവയെ പ്രചരിപ്പിക്കുന്നവർക്കും കൃത്രിമ തീറ്റകളും മറ്റും പരമാവധി ഒഴിവാക്കി പരിസ്ഥിതി സൗഹൃദ രീതിയിൽ ഇവയെ പരിപാലിക്കുന്നവർക്കും പ്രത്യേക പരിഗണന നൽകും. കാർഷിക രംഗത്ത് പുതിയ ഇനങ്ങൾ കണ്ടെത്തുന്ന പ്രാദേശിക നാട്ടുശാസ്ത്രജ്ഞർക്കും ഈ അവാർഡിനായി അപേക്ഷിക്കാവുന്നതാണ്. ഔദ്യോഗിക ജോലിയുടെ ഭാഗമായി ചെയ്യുന്ന പ്രവർത്തനങ്ങൾ പരിഗണിക്കില്ല. ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് നടത്തുന്ന കണ്ടുപിടുത്തങ്ങൾക്കു മുൻഗണന നൽകുന്നതാണ് . ജൈവ വൈവിധ്യ മേഖലയിൽ പേറ്റന്റ് / നാഷണൽ / സ്റ്റേറ്റ് അംഗീകാരങ്ങൾ ലഭിച്ചവരെ പ്രത്യേകം പരിഗണിക്കുന്നതാണ്. തദ്ദേശീയ ജാതികളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്.

### 4.ജൈവവൈവിധ്യ ഗവേഷകൻ (വർഗീകരണ ശാസ്ത്രം (ടാക്സോണമി) സസ്യ /സൂഷ്മജീവികളും /കുമിളുകളും ഉൾപ്പെടെ – ജന്തു വിഭാഗം)

രണ്ടു അവാർഡാണ് ഈ മേഖലക്ക് നൽകുന്നത്. സസ്യ മേഖലയിലെ പ്രവർത്തനങ്ങൾക്കും, ജന്തു മേഖലയിലെ പ്രവർത്തങ്ങൾക്കും പ്രത്യേകം അവാർഡ് നൽകുന്നതാണ്. ജൈവവൈവിധ്യ സംരക്ഷണ/ വർഗീകരണ രംഗത്ത് പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞരെയാണ് പ്രസ്തുത അവാർഡിനായി പരിഗണിക്കുന്നത്. ഗവർമെന്റ് / എൻ.ജി.ഒ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന, അഞ്ചു വർഷത്തിൽ കുറയാത്ത അനുഭവസമ്പത്തുള്ള ശാസ്ത്രജ്ഞരെയാണ് പ്രധാനമായും ഈ അവാർഡ് ലക്ഷ്യമിടുന്നത്. പ്രസ്തുത മേഖലയിൽ നടത്തിയിട്ടുള്ള ഇടപെടലുകൾ, പ്രസിദ്ധീകരിച്ച ശാസ്ത്ര ലേഖനങ്ങൾ, എഴുതിയ പുസ്തകങ്ങൾ, ഇതര പ്രവർത്തനങ്ങൾ എന്നിവയാണ് മുഖ്യമായും പരിഗണിക്കുന്നത്. റിട്ടയർ ചെയ്തവരെയും, റിട്ടയർ ചെയ്തതിനു ശേഷം ഗവേഷണം നടത്തുന്നവരെയും പ്രസ്തുത അവാർഡിന് പരിഗണിക്കുന്നതല്ല. തദ്ദേശീയ ജാതികളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്.

### 5. നാട്ടുശാസ്ത്രജ്ഞൻ/നാട്ടറിവ് സംരക്ഷകൻ: (സസ്യ / ജന്തു വിഭാഗം)

രണ്ടു അവാർഡാണ് ഈ മേഖലക്ക് നൽകുന്നത്. സസ്യ മേഖലയിലേയും, ജന്തു മേഖലയിലേയും ജൈവവൈവിധ്യ വർഗ്ഗീകരണവും, നാട്ടറിവ് സംരക്ഷണവും തുടർന്ന് ഡോക്യുമെന്റേഷൻ പ്രവർത്തങ്ങൾ നടത്തുന്നവർക്കാണ് ഈ അവാർഡ് നൽകുന്നത്. ശാസ്ത്ര അഭിരുചിമൂലം ജൈവവൈവിധ്യ ഡോക്യുമെന്റേഷൻ പ്രവർത്തനം

നടത്തുന്നവർക്കും, ജൈവവൈവിധ്യ വർഗീകരണം ശാസ്ത്രീയമായി നടത്തുന്ന വ്യക്തികൾക്കും ഈ അവാർഡിന് അപേക്ഷിക്കാവുന്നതാണ്. ജൈവവൈവിധ്യ സംരക്ഷണത്തിനുവേണ്ടി സാമ്പത്തികനേട്ടം ലക്ഷ്യമാക്കാതെയുള്ള ജൈവവൈവിധ്യ ഡോക്യുമെന്റേഷൻ/ഐഡന്റിഫിക്കേഷൻ നടത്തുന്ന വ്യക്തികൾക്കു മാത്രമേ അപേക്ഷിക്കാനാകൂ. ഔദ്യോഗിക ജോലിയുടെ ഭാഗമായി ചെയ്യുന്ന ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ പരിഗണിക്കില്ല. "നാട്ടറിവ്സംരക്ഷകൻ" എന്ന വിഭാഗത്തിൽ ജൈവവൈവിധ്യ നാട്ടറിവ് സംരക്ഷിക്കുന്ന വ്യക്തികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നാട്ടറിവുകൾ സംരക്ഷിക്കുന്ന ആദിവാസി ഗോത്രവിഭാഗത്തിൽ ഉള്ളവർക്കാണ് ഈ അവാർഡിന് മുൻഗണന നൽകുന്നത്. "നാട്ടറിവ് സംരക്ഷകൻ" എന്ന വിഭാഗത്തിൽ അപേക്ഷകൾ അയക്കുമ്പോൾ പ്രസ്തുത വ്യക്തി താമസിക്കുന്ന/സ്ഥിരതാമസമുള്ള പഞ്ചായത്തിലെ അതാത് ബി.എം.സി –കളുടെയോ/ ബി. എം. സി അംഗങ്ങളുടെയോ അല്ലെങ്കിൽ ജൈവവൈവിധ്യ മേഖലയിലെ പ്രമുഖവ്യക്തികളുടെയോ/പ്രശസ്തരായ NGO-കളുടെയോ /ഗവേഷണസ്ഥാപനങ്ങളുടെയോ സാക്ഷ്യപത്രം അയച്ചു നൽകേണ്ടതാണ്. സസ്യ ജന്തുജാലങ്ങൾക്ക് പ്രത്യേകം പ്രത്യേകം അപേക്ഷ നൽകണം

**6.ഹരിത പത്രപ്രവർത്തകൻ അഥവാ ജൈവവൈവിധ്യ പത്ര പ്രവർത്തകൻ (അച്ചടി മാധ്യമം)**

തൊഴിൽപരമായി ജൈവവൈവിധ്യ വിഷയത്തെ ഉൾപ്പെടുത്തി പത്ര പ്രവർത്തനം നടത്തുന്നവർക്കാണ് (Working Journalist) ഈ അവാർഡിനായി അപേക്ഷിക്കാവുന്നത്. അപേക്ഷയോടൊപ്പം നടപ്പുവർഷം (01.01.2019 മുതൽ 31.12.2019 വരെ) അപേക്ഷകൻ പ്രസിദ്ധീകരിച്ച ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ, കുട്ടികളെ ഉൾപ്പെടുത്തിയുള്ള ജൈവവൈവിധ്യ ബോധവത്കരണ ലേഖനങ്ങൾ, ഫീച്ചറുകൾ, പംക്തികൾ തുടങ്ങിയവയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കണം. കാർഷിക ജൈവവൈവിധ്യം, സസ്യങ്ങൾ, ജന്തുക്കൾ എന്നിവ വിഷയമായി എഴുതിയ ലേഖനങ്ങൾ, സാധാരണ ജനങ്ങളുടെ ഇടയിലും പുതുതലമുറയ്ക്കിടയിലും പരിസ്ഥിതിബോധം സൃഷ്ടിക്കാനുതകുന്ന രചനകൾ എന്നിവയ്ക്കായിരിക്കും അവാർഡ് നിർണയത്തിൽ മുൻഗണന നൽകുന്നത്.

**7.ഹരിത ഇലക്ട്രോണിക് മാധ്യമ പ്രവർത്തകൻ അഥവാ ജൈവ വൈവിധ്യ ദൃശ്യ/ശ്രവ്യ മാധ്യമ പ്രവർത്തകൻ (മലയാളം)**

കേരളത്തിൽ നിന്നുള്ള ദൃശ്യമാധ്യമ പ്രവർത്തകരെയാണ് ഈ അവാർഡിനായി പരിഗണിക്കുക. ദൃശ്യമാധ്യമങ്ങൾവഴി അവാർഡ് പ്രഖ്യാപനകാലയളവിൽ സംപ്രേഷണം ചെയ്ത ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വീഡിയോ ഡോക്യുമെന്ററികൾ, ദൃശ്യ/ശ്രവ്യ മാധ്യമ റിപ്പോർട്ടുകൾ എന്നിവ ഇതിനായി പരിഗണിക്കും. സ്കൂൾ പഠനത്തിന്റെയും സ്കൂൾ പരിസ്ഥിതി ക്ലബ്ബുകളുടെയും ഭാഗമായി തയ്യാറാക്കുന്ന

ഡോക്യുമെന്ററികൾ പരിഗണിക്കുന്നതല്ല. ഡോക്യുമെന്ററിയുടെ സംവിധായകനായിരിക്കും അവാർഡ് നൽകുന്നത്. ദൃശ്യ/ശ്രവ്യ മാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുന്ന റിപ്പോർട്ടുകളുടെ കാര്യത്തിൽ റിപ്പോർട്ടർക്കായിരിക്കും പുരസ്ക്കാരത്തിന് അർഹത. 20 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ/ഓഡിയോ മാത്രമേ പരിഗണിക്കുകയുള്ളൂ. വിഡിയോകൾ എം.പി. 4 ഫോർമാറ്റിൽ ഉള്ളതായിരിക്കണം. നടപ്പു വർഷം (01.01.2019 മുതൽ 31.12.2019 വരെ) നടത്തിയ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

**സ്ഥാപനങ്ങൾക്കുള്ള പുരസ്ക്കാരങ്ങൾ**

**8.മികച്ച ജൈവ വൈവിധ്യ പരിപാലന സമിതി (3 അവാർഡ്)**

നടപ്പുവർഷത്തെ (01.01.2019 മുതൽ 31.12.2019 വരെ) ബി.എം.സി. കളുടെ പ്രവർത്തനത്തെ ആസ്പദമാക്കിയാണ് പുരസ്ക്കാരത്തിന് പരിഗണിക്കുന്നത്. ബിഎംസി നടത്തുന്ന എ.ബി.എസ് പ്രവർത്തനങ്ങൾ (Access & Benefit Sharing), ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ എണ്ണം (BHS), പ്രഖ്യാപിച്ചിട്ടുള്ള പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (Local BHS), ഡിജിറ്റൽ പി.ബി.ആർ (E-PBR) പ്രവർത്തനങ്ങൾ, പി.ബി.ആർ പുതുക്കുന്ന പരിപാടികൾ, പി.ബി.ആർ-ന്റെ രണ്ടാം ഭാഗം തയ്യാറാക്കൽ സ്ഥിതി, പി.ബി.ആർ പുതുക്കിയ വിവരങ്ങൾ കമ്പ്യൂട്ടറിൽ ചേർക്കൽ, ഈ വർഷം നടത്തിയ ബി.എം.സി മീറ്റിങ്ങുകൾ, നടപ്പിലാക്കിയ/ നടപ്പിലാക്കുന്ന ജൈവവൈവിധ്യ പ്രൊജെക്ടുകൾ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ, ബി.എം.സിയുടെ വനവത്ക്കരണ പദ്ധതികൾ, സംരക്ഷിച്ചിട്ടുള്ള/ നിർമ്മിച്ചിട്ടുള്ള പുഴ/കുളം എന്നീ സ്രോതസ്സുകളുടെ എണ്ണം, ബി.എം.സിയുടെ തീര സംരക്ഷണ പദ്ധതികൾ/(കൈത/ഈറ്റ/മുള) എന്നിവ വച്ചു പിടിപ്പിക്കുന്ന പദ്ധതികൾ, പ്രസിദ്ധീകരിച്ച ജൈവ വൈവിധ്യ ലഘുലേഖകളുടേയും/ പുസ്തകങ്ങളുടേയും എണ്ണം, കുളങ്ങളിൽ മത്സ്യ വൈവിധ്യ സംരക്ഷണം, ബദൽ ഉർജ/ വിഭവ മേഖലയിൽ പ്രവർത്തിച്ചിട്ടുള്ള വിവരങ്ങൾ ജൈവവൈവിധ്യ യോഗങ്ങൾ, സെമിനാറുകൾ, ജൈവവൈവിധ്യം സംരക്ഷിക്കുവാൻ വേണ്ടി ജൈവവൈവിധ്യ നിയമത്തെ അടിസ്ഥാനമാക്കി കൊണ്ട് ഉത്തരവുകൾ, തീരുമാനങ്ങളുടെ വിവരണം, പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ ജൈവവൈവിധ്യ ക്ലബ്ബ്കളുടെ എണ്ണവും അതിന്റെ പ്രവർത്തനങ്ങളും, പ്രളയം/ വരൾച്ച ദുരന്തങ്ങളുടെ പഠനങ്ങൾ, ആഗോള താപനത്തിനെ ചെറുക്കാനായി നടത്തിയ പ്രാദേശിക ഇടപെടലുകൾ, അധിനിവേശ സസ്യജന്തുജാലങ്ങളുടെ നിയന്ത്രണപ്രവർത്തനങ്ങൾ, നാടൻ കന്നുകാലികളുടെ/മറ്റ് ഇനങ്ങളെ സംരക്ഷിക്കുന്നത്തിനായി നടപ്പിലാക്കിയ പദ്ധതികൾ, LAPCC Report (Local Action Plan on Climate Change), DMP (Disaster Management Plan) എന്നിവ തയ്യാറാക്കിയതിന്റെയും, പച്ചത്തുരുത്ത് സംരക്ഷണം എന്നിവയുടെ വിവരണം, പതിമൂന്നാമതായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ എണ്ണം, ആകെ പങ്കെടുത്ത അംഗങ്ങളുടെ എണ്ണം, ഓരോ ഗ്രൂപ്പിലും പങ്കെടുത്ത അംഗങ്ങളുടെ എണ്ണം, വിളിച്ചുചേർത്ത

ജൈവവൈവിധ്യ ഗ്രാമസഭയുടെ എണ്ണം എന്നിവയാണ് പുരസ്ക്കാര നിർണ്ണയത്തിനായി മുഖ്യമായും പരിഗണിക്കുന്ന വിഷയങ്ങൾ.

മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന ജൈവ വൈവിധ്യ പരിപാലന സമിതിക്ക് ഒന്നാം സമ്മാനം ഒരു ലക്ഷം രൂപയും ഫലകവും, രണ്ടാം സമ്മാനം അമ്പതിനായിരവും ഫലകവും, മൂന്നാം സമ്മാനം ഇരുപത്തിഅയ്യായിരം രൂപയും ഫലകവും നൽകുന്നതാണ്. ഇതോടൊപ്പമുള്ള നിശ്ചിത പ്രൊഫോർമ ഡൗൺലോഡ് ചെയ്ത്, ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കേണ്ടതാണ്. എല്ലാ കോളങ്ങളും നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്. **അപേക്ഷകൾ ബോർഡിന്റെ ജില്ലാ കോർഡിനേറ്ററുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്.** അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. മികച്ച പ്രവർത്തനം നടത്തിയിട്ടുള്ള ഒന്നിൽ കൂടുതൽ ബി.എം.സി. കളുണ്ടാകുന്ന പക്ഷം, പുരസ്ക്കാര തുക തുല്യമായി വീതിച്ചു നൽകുന്നതാണ്. പ്രസ്തുത തുക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ

## 9.ഹരിത വിദ്യാലയം അഥവാ ജൈവവൈവിധ്യ സ്കൂൾ

വിദ്യാർത്ഥികളിൽ ജൈവവൈവിധ്യ ബോധം വളർത്തുന്നതിനും, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അവരെ സജീവ പങ്കാളികളാക്കുന്നതിനും മുൻകൈയ്യെടുത്ത് പ്രവർത്തിക്കുന്ന സ്കൂളുകളെയായിരിക്കും ഈ അവാർഡിന് പരിഗണിക്കുക. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനം പരിഗണിക്കുമെങ്കിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം വിലയിരുത്തിയായിരിക്കും അവാർഡ് നൽകുക. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ (സ്ഥാപനം നിലനിൽക്കുന്ന) സ്കൂളുകളിലുള്ള ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തികളിലെ പങ്കാളിത്തം, സ്കൂൾതല ജൈവവൈവിധ്യ പി.ബി.ആർ തൽസ്ഥിതി, ബി.എം.സിയുമായുള്ള പങ്കാളിത്ത പ്രവർത്തനങ്ങൾ, ബദൽ ഊർജ/ വിഭവ മേഖലകൾ വെച്ച ഹരിതവിദ്യാലയം, ബയോഗ്യാസ് സംവിധാനം, പുക കുറഞ്ഞ അടുപ്പുകൾ, ജൈവവേലി, സംരക്ഷിക്കുന്ന ജല സ്രോതസ്സുകളുടെ എണ്ണം, സ്കൂളിലെ അധിനിവേശ സസ്യങ്ങളുടെ എണ്ണം, ഹരിത ചട്ടം നടപ്പിലാക്കൽ, നടത്തുന്ന ജൈവവൈവിധ്യ സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ മുഖ്യ മാനദണ്ഡങ്ങളായിരിക്കും. അവാർഡ് ലഭിക്കുന്നപക്ഷം സ്കൂളിലെ പ്രഥമാധ്യാപകൻ/ പ്രഥമാധ്യാപിക, ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ചുമതലയുള്ള അധ്യാപകർ/ അദ്ധ്യാപിക, ജൈവവൈവിധ്യ പങ്കാളികളാകുന്ന കുട്ടികളുടെ രണ്ട് പ്രതിനിധികൾ എന്നിവർക്ക് അവാർഡ് ഒരുമിച്ചു വാങ്ങുവാൻ അർഹതയുണ്ടായിരിക്കും. എന്നാൽ അവാർഡ് തുക സ്കൂളിന്റെ പേരിലായിരിക്കും നൽകുക. പ്രസ്തുത തുക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

### 10.ഹരിത കോളേജ് അഥവാ ജൈവവൈവിധ്യ കോളേജ്

വിദ്യാർത്ഥികളിൽ ജൈവവൈവിധ്യസംരക്ഷണ ബോധം വളർത്തുന്നതിനും ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അവരെ സജ്ജീവമാക്കുന്നതിനും മുൻകൈയ്യെടുത്ത് പ്രവർത്തിക്കുന്ന കോളേജുകളെ ആയിരിക്കും ഈ അവാർഡിന് പരിഗണിക്കുക. ജൈവവൈവിധ്യ പ്രവർത്തനങ്ങളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനം പരിഗണിക്കുമെങ്കിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം വിലയിരുത്തിയായിരിക്കും മുൻതൂക്കം നൽകുക. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ (സ്ഥാപനം നിലനിൽക്കുന്ന) കാമ്പസിലുള്ള ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തികളിലെ പങ്കാളിത്തം, ജൈവവൈവിധ്യ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ അവാർഡിന്റെ മുഖ്യ മാനദണ്ഡങ്ങളായിരിക്കും. അവാർഡ് ലഭിക്കുന്നപക്ഷം കോളേജിലെ പ്രിൻസിപ്പൽ/അധ്യാപകൻ/ അധ്യാപിക, ജൈവവൈവിധ്യ പ്രവർത്തനങ്ങളുടെ ചുമതലയുള്ള അധ്യാപകർ, ജൈവവൈവിധ്യ സംരക്ഷണ പങ്കാളികളാകുന്ന കുട്ടികളുടെ രണ്ട് പ്രതിനിധികൾ എന്നിവർക്ക് അവാർഡ് ഒരുമിച്ചു വാങ്ങുന്നതിന് അർഹതയുണ്ടായിരിക്കും. എന്നാൽ അവാർഡ് തുക കോളേജിന്റെ പേരിലായിരിക്കും നൽകുക. പ്രസ്തുത തുക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

### 11.ഹരിത സ്ഥാപനം അഥവാ ജൈവവൈവിധ്യ സംരക്ഷണ സ്ഥാപനം (ഗവണ്മെന്റ്)

ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സർക്കാർ/അർദ്ധ സർക്കാർ/സഹകരണ സ്ഥാപനങ്ങളെയാണ് ഈ രംഗത്ത് പരിഗണിക്കുക. ജൈവവൈവിധ്യ സംരക്ഷണ പ്രശ്നങ്ങളിലെ ഇടപെടലുകൾ, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം, പൊതുജനങ്ങളെ ജൈവ വൈവിധ്യ സംരക്ഷണത്തിലേക്ക് ആകർഷിക്കാൻ പര്യാപ്തമായ സംഘാടനമികവ്, ജൈവവൈവിധ്യ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയെ മാനദണ്ഡമാക്കിയായിരിക്കും അവാർഡ് നിർണയിക്കുക. സ്ഥാപനത്തിന്റെ ലക്ഷ്യപ്രവർത്തനങ്ങൾക്കുപുറമെ ചെയ്യുന്ന ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുക.

### 12.ജൈവവൈവിധ്യ മേഖലയിലെ മികച്ച സന്നദ്ധ സംഘടന അഥവാ ജൈവവൈവിധ്യ സംഘടന (എൻ ജി ഒ)

ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന എൻ.ജി.ഒ. സന്നദ്ധ സംഘടനകളെയാണ് ഈ രംഗത്ത് പരിഗണിക്കുക. ചാരിറ്റബിൾ ട്രസ്റ്റ് ആക്ട്/സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘടനകൾ മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. രജിസ്റ്റർ ചെയ്തിട്ട് 3 വർഷത്തെ പ്രവർത്തി പരിചയമുള്ള എൻ.ജി.ഒ-യെ ആണ് അവാർഡിന് പരിഗണിക്കുക. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും, ആഡിറ്റ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് അപേക്ഷയ്ക്കൊപ്പം ഹാജരാക്കണം. ഈ സംഘടനകൾ

കേരളത്തിനുള്ളിൽ പ്രവർത്തിക്കുന്നവയായിരിക്കണം. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിലെ ഇടപെടലുകൾ, ജൈവവൈവിധ്യ പ്രസിദ്ധീകരണങ്ങൾ/ഡോക്യുമെന്ററി /സെമിനാർ/നാട്ടറിവുകൾ/അധിനിവേശ സസ്യങ്ങൾ, പ്രളയാനന്തര പഠനത്തിലോ പ്രളയാഘാത ലഘൂകരണവും, നേരിടാൻ നടത്തിയ പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ സംരക്ഷണ നൂതന ആശയങ്ങൾ / പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ സംരക്ഷണം നടത്തുന്ന മേഖല, സംരക്ഷിക്കുന്ന ജീവി വർഗ്ഗങ്ങൾ / സസ്യ ജാതികൾ / ആവാസവ്യവസ്ഥകൾ എന്നിവയെ മാനദണ്ഡമാക്കിയായിരിക്കും അവാർഡ് നിർണയിക്കുക. അവാർഡ് ലഭിക്കുന്നപക്ഷം സംഘടനയുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരുകൾ സംഘടനയുടെ പേരിനൊപ്പം സർട്ടിഫിക്കേറ്റിൽ ഉൾപ്പെടുത്തുന്നതാണ്. സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് ഒരുമിച്ച് അവാർഡ് കൈപ്പറ്റാവുന്നതാണ്. എന്നാൽ സംഘടനയുടെ പേരിലായിരിക്കും അവാർഡ് തുക നൽകുക. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് കീഴിലും നെഹ്റു യുവ കേന്ദ്രങ്ങളുടെയും, ഗ്രന്ഥശാല സംഘങ്ങളുടെ കീഴിലും, രജിസ്റ്റർ ചെയ്ത യൂത്ത് ക്ലബുകൾക്കും അപേക്ഷിക്കാവുന്നതാണ്.

### 13. മികച്ച ജൈവവൈവിധ്യ സ്ഥാപനം (വ്യവസായ സ്ഥാപനം - സ്വകാര്യ മേഖല)

നിലവിലുള്ള നിയമപ്രകാരം കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന ജൈവവൈവിധ്യ സംരക്ഷണപ്രവർത്തനങ്ങളാണ് ഈ അവാർഡിന് പരിഗണിക്കുന്നത്. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തികൾ സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയിൽ ഉൾപെടുത്തിയിരിക്കണം. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ ആയിരിക്കണം. ജൈവ വൈവിധ്യ സംരക്ഷണ രംഗത്ത് നൂതന ആശയങ്ങൾ നടപ്പിലാക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെയും പരിഗണിക്കുന്നതാണ്. കമ്പനിയുടെ Corporate Social Responsibility (CSR) ഫണ്ട് ഉപയോഗിച്ച് നേരിട്ടോ അല്ലാതെയോ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കും അപേക്ഷിക്കാവുന്നതാണ്. നാടൻ സസ്യജന്തു ഇനങ്ങളെ വംശവർദ്ധനവ് നടത്തി വിപണനവും സംരക്ഷണവും നടത്തുന്ന രജിസ്റ്റേർഡ് നഴ്സറികൾക്കും ഹാച്ചറികൾക്കും ഈ അവാർഡിനായി അപേക്ഷിക്കാം.

ഡോ. വി. ബാലകൃഷ്ണൻ
മെമ്പർ സെക്രട്ടറി

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

**മികച്ച ജൈവവൈവിധ്യ പരിപാലന സമിതി പുരസ്ക്കാരം**

**പ്രൊഫോർമ I**

| | | |
|---|---|---|
| **എല്ലാ അപേക്ഷകളും ജൈവ വൈവിധ്യ ബോർഡിന്റെ ജില്ലാ ഓഫീസ് വഴി സമർപ്പിക്കേണ്ടതാണ്** | | |
| **ജില്ലയുടെ പേര്** | | |
| **1.2** | ബി.എം.സി. ചെയർപേഴ്സണിന്റെ പേര്, അഡ്രസ്സ്/ ഇ-മെയിൽ/ മൊബൈൽ നം. | |
| **1.3** | ബി.എം.സി. സെക്രട്ടറിയുടെ പേര്, അഡ്രസ്സ്, , അഡ്രസ്സ്/ ഇ-മെയിൽ/ മൊബൈൽ നം. | |
| **1.4** | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (കൺവീനർ)/ ഇ-മെയിൽ/ മൊബൈൽ നം. | |
| **1.5** | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (വനിത) / ഇ-മെയിൽ/ മൊബൈൽ നം. | |
| **1.6** | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (വനിത) / ഇ-മെയിൽ/ മൊബൈൽ നം. | |
| **1.7** | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (എസ്.സി./എസ്.റ്റി) / ഇ-മെയിൽ/ മൊബൈൽ നം. | |
| **1.8** | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ്/ ഇ-മെയിൽ/ മൊബൈൽ നം. | |
| **1.9** | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ്/ ഇ-മെയിൽ/ മൊബൈൽ നം. | |

1.ബി എം സി യെ കുറിച്ചുള്ള വിവരങ്ങൾ

| ബിഎംസി യുടെ പേര് | സ്ഥിര മേൽവിലാസം | ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥന്റെ പേര് | ഫോൺ നമ്പർ, ലാൻഡ് ഫോൺ , മൊബൈൽ ഫോൺ | ഇമെയിൽ വിലാസം | വെബ്സൈറ്റ് |
|---|---|---|---|---|---|
| | | | | | |

1.1. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര്, അഡ്രസ്സ്

**1.10.** ബി.എം.സി. രൂപീകരിച്ച തീയതിയും, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കിയ വർഷവും, E-PBR പുരോഗതി, പി.ബി.ആർ-ന്റെ രണ്ടാം ഭാഗം തയ്യാറാക്കിയിട്ടുണ്ടോ, പി.ബി.ആർ പുതുക്കിയ വിവരങ്ങൾ കമ്പ്യൂട്ടറിൽ ചേർത്തിട്ടുണ്ടോ, (ചേർത്ത പേജിന്റെ എണ്ണം)

**1.11.** 2019 ൽ ബി.എം.സി. നടപ്പിലാക്കിയ പരിസ്ഥിതി-ജൈവവൈവിധ്യ സംരക്ഷണ പദ്ധതികളുടെ സംക്ഷിപ്ത രൂപം(250 വാക്കുകളിൽ എഴുതുക)

**1.12.**2019 ൽ ബി.എം.സി. നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം (250 വാക്കുകളിൽ എഴുതുക)

**1.13.** ജൈവവൈവിധ്യ രജിസ്റ്ററിനെ ആസ്പദമാക്കി നടപ്പിലാക്കിയിട്ടുള്ള സംരക്ഷണ പ്രവർത്തനങ്ങൾ (ഉദാ:- പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണം, ജൈവവൈവിധ്യ പരിപോഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ) (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

**1.14.** ബി.എം.സി. യുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്കൂൾ ജൈവവൈവിധ്യ ക്ലബ്ബുകളുടെ എണ്ണം, വിശദാംശങ്ങൾ, പ്രവർത്തനങ്ങൾ, പദ്ധതികൾ (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

**1.15.** ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയിട്ടുള്ള ജൈവവൈവിധ്യ പ്രൊജക്ടുകൾ / മറ്റു പ്രവർത്തനങ്ങൾ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

| | | |
|---|---|---|
| 1.16 | പ്രാദേശിക ജൈവവൈവിധ്യ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അക്കൗണ്ട് നമ്പർ | |
| 1.17 | ബി.എം.സി. ചേർന്നിട്ടുള്ള യോഗങ്ങളുടെ എണ്ണം (തീരുമാനങ്ങളുൾപ്പെടെ) യോഗതീരുമാനങ്ങളുടെ പകർപ്പ് | |
| 1.18 | വാർഷിക റിപ്പോർട്ട് ബോർഡിൽ സമർപ്പിച്ചിട്ടുണ്ടോ? | |

2. ജൈവവൈവിധ്യം അതിന്റെ സുസ്ഥിര ഉപയോഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികൾ (300 വാക്കുകളിൽ എഴുതുക)

| |
|---|
| |

2.1 ജൈവവൈവിധ്യവും അതുമായി ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനങ്ങളെ ആസ്പദമാക്കി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ/ പ്രോജക്ടുകൾ (അറിവിലേയ്ക്കുള്ള പ്രവേശനാനുമതി നൽകൽ അതിലൂടെ ലഭ്യമായ ഗുണങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ പങ്കുവയ്ക്കൽ (Access and benefit sharing) എന്നീ പ്രവർത്തനങ്ങളുടെ വിവരണം (200 വാക്കുകളിൽ എഴുതുക)

2.2കാർഷിക ജൈവവൈവിധ്യ സംരക്ഷണം - പരമ്പരാഗത കാർഷിക വിളകളുടെ സംരക്ഷണം, വിപണനം തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ (200 വാക്കുകളിൽ എഴുതുക)

2.3 ആദിവാസി സമുദായങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള ജൈവവൈവിധ്യാധിഷ്ഠിത പ്രവർനത്തനങ്ങൾ/ പദ്ധതികൾ (വനവിഭവ ശേഖരണം, സംഭരണം, സംസ്ക്കരണം, വിപണനം, മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം, വിപണനം തുടങ്ങിയവ) (250 വാക്കുകളിൽ എഴുതുക)

2.4 ആവാസവ്യവസ്ഥാ സംരക്ഷണ പ്രവർത്തനങ്ങൾ, പദ്ധതികൾ(തണ്ണീർത്തട സംരക്ഷണം, കണ്ടൽക്കാട്, കാവ് സംരക്ഷണം /പച്ചതുരുത്ത് തുടങ്ങിയവ) (200 വാക്കുകളിൽ എഴുതുക)

2.5 പ്രളയം/ വരൾച്ച ദുരന്തങ്ങളുടെ പഠനങ്ങൾ, ആഗോള താപനത്തിനെ ചെറുക്കാനായി നടത്തിയ പ്രാദേശിക ഇടപെടലുകൾ, അധിനിവേശ സസ്യജന്തുജാലങ്ങളുടെ നിയന്ത്രണപ്രവർത്തനങ്ങൾ, നാടൻ കന്നുകാലികളുടെ സംരക്ഷിക്കുന്നത്തിനായി നടപ്പിലാക്കിയ പദ്ധതികൾ, LAPCC Report (Local Action Plan on Climate Change), DMP (Disaster Management Plan) എന്നിവയുടെ വിവരണം (200 വാക്കുകളിൽ എഴുതുക)

2.6 പതിമൂന്നാമതായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് എത്ര കൂടിയിട്ടുണ്ട്, ആകെ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ, ഓരോ യോഗത്തിലും പങ്കെടുത്ത അംഗങ്ങൾ, ജൈവവൈവിധ്യ ഗ്രാമസഭ എന്നിവയുടെ വിവരങ്ങൾ (200 വാക്കുകളിൽ എഴുതുക) മിനിറ്റ്സിന്റെ കോപ്പി ഹാജരാക്കുക.

| |
|---|
| |

2.7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന നടപ്പിലാക്കിയ വനവൽക്കരണത്തിനായുള്ള ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ, എത്ര കുളം, പുഴ സംരക്ഷിച്ചിട്ടുണ്ട്, കൈത/ഈറ്റ/മുള വച്ചു പിടിപ്പിക്കൽ, ജൈവവൈവിധ്യ ലഘുലേഖകളോ, പുസ്തകങ്ങളോ ഇറക്കിയിട്ടുണ്ടോ, കുളങ്ങളിൽ മത്സ്യവൈവിധ്യ സംരക്ഷണം, ബദൽ ഊർജ്ജ /വിഭവ മേഖലയിൽ പ്രവർത്തിച്ചിട്ടുള്ള വിവരങ്ങൾ, ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട മീറ്റിംഗുകൾ, ബോധവത്ക്കരണ സെമിനാറുകൾ എന്നിവയുടെ വിവരങ്ങൾ (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

3.ഔഷധ സസ്യ സംരക്ഷണം, ഔഷധസസ്യ കൃഷി, സുസ്ഥിര ഉപയോഗം, വിപണനം (കൊടുക്കൽ, വാങ്ങൽ പ്രക്രിയയിലൂടെ നടത്തുന്ന വിപണനം) (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

4. ബി എം സി ഏതെങ്കിലും പ്രദേശത്തെ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി (BHS), പ്രഖ്യാപിച്ചിട്ടുണ്ടോ? പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി (Local BHS) പ്രഖ്യാപിച്ചിട്ടുണ്ടോ, അല്ലെങ്കിൽ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

5. ബി എം സി ഏതെങ്കിലും ഫണ്ടുകൾ ജൈവ വൈവിധ്യ സംരക്ഷണത്തിനായി ഉപയോഗിക്കുന്നുണ്ടോ . ഉണ്ടെങ്കിൽ വിവരങ്ങൾ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

6. ബി എം സി സംസ്ഥാനത്തെ വിവിധ ഏജൻസികളുമായി ചേർന്ന് എന്തെങ്കിലും ജൈവ വൈവിധ്യ സംരക്ഷണപ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

7. ഇതര ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ / പഠനങ്ങൾ നടത്തുന്നുണ്ടോ , അല്ലെങ്കിൽ പഠനങ്ങളുടെ ഭാഗമായിട്ടുണ്ടോ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

8. ജൈവവൈവിധ്യം സംരക്ഷിക്കുവാൻ വേണ്ടി ജൈവവൈവിധ്യ നിയമത്തെ അടിസ്ഥാനമാക്കി കൊണ്ട് ബി.എം.സികൾ ഉത്തരവുകൾ, തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

**കുറിപ്പ്:** 2019-ൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ/ പദ്ധതികൾ എന്നിവയുടെ റിപ്പോർട്ട്, പത്ര വാർത്തകൾ, വീഡിയോകൾ, ഫോട്ടോകൾ തുടങ്ങിയവ അനുബന്ധമായി ഉൾക്കൊള്ളിക്കേണ്ടതാണ്.

ബി.എം.സി. സെക്രട്ടറിയുടെ പേരും ഒപ്പും

ബി.എം.സി. ചെയർപേഴ്സണിന്റെ പേരും ഒപ്പും

## KERALA STATE BIODIVERSITY BOARD
### PROFORMA - II
### INDIVIDUAL AWARD – 2019
### വ്യക്തിഗത പുരസ്കാരം 2019

| | | | |
|---|---|---|---|
| 1 | Name of the applicant, address, phone number and Email ID<br>(അപേക്ഷകന്റെ പേര്, മേൽവിലാസം, ഫോൺനമ്പർ& ഇമെയിൽ ഐഡി) | | Fix passport size Photo of Applicant<br>(അപേക്ഷകന്റെ/അപേക്ഷകയുടെ ഫോട്ടോ) |
| 2 | Category of award (അവാർഡ് വിഭാഗം) | | |
| 3 | Age & Date of Birth<br>(വയസ്സ്, ജനനതീയതി) | | Male<br>പുരുഷൻ ☐<br>Female<br>സ്ത്രീ ☐ |
| 4 | Name &, address of the proposer , phone number and Email ID<br>അപേക്ഷകന്റെ പേര് നിർദ്ദേശിക്കുന്ന ആളിന്റെ മേൽവിലാസം,ഫോൺനമ്പർ& ഇമെയിൽ ഐഡി) | | |
| 5 | Copy of the relevant information's attached<br>(അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള അനുബന്ധഘടകങ്ങൾ) | 1. Publications<br>(പ്രസിദ്ധീകരണങ്ങൾ) | |
| | | 2. Photos/Images<br>(ഫോട്ടോകൾ/ചിത്രങ്ങൾ) | |
| | | 3.CD<br>സി.ഡി/പെൻ ഡ്രൈവ് | |
| 6 | Awards received<br>(ഏതൊക്കെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്) | | |
| 7 | List of activities/ project implemented & Details of Financial Assistance<br>(നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ, അവയുടെ സാമ്പത്തിക സഹായത്തിന്റെ സ്രോതസ്സുകൾ) | | |
| 8 | (Brief about next one year conservation activities )അടുത്ത ഒരു വർഷത്തേക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ(200 വാക്കുകളിൽ എഴുതുക) | | |

| | | |
|---|---|---|
| 9 | (List of species conserved)<br>ഏതൊക്കെ ഇനങ്ങളാണ് സംരക്ഷിക്കുന്നത്, ജീവജാതികളുടെ മൂല്യം (200 വാക്കുകളിൽ എഴുതുക) | |
| 10 | സംരക്ഷണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിനുണ്ടായിട്ടുള്ള നേട്ടങ്ങൾ<br>(200 വാക്കുകളിൽ എഴുതുക) | |
| 11 | അവാർഡിന്റെ പരിഗണനയിലേയ്ക്കായി ഈ മേഖലയിലെ പ്രവർത്തനങ്ങൾ<br>(01.01.2019 മുതൽ 31.12.2019 വരെ)<br>(200 വാക്കുകളിൽ എഴുതുക) | |
| 12 | ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങൾ (200 വാക്കുകളിൽ എഴുതുക) | |
| 13 | ജൈവവൈവിധ്യ /പരിപാലന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാകാൻ ചെയ്ത പ്രവർത്തികൾ (200 വാക്കുകളിൽ എഴുതുക) | |
| 14 | ജൈവവൈവിധ്യ പരിപാലന പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശീയ ഇനങ്ങളുടെ / കിടാങ്ങളെ/ നടീൽവസ്തുക്കളുടെ/ വിഭവങ്ങളെ മറ്റും കൈമാറ്റം ചെയ്യുന്ന രീതി ഉണ്ടോ? ഉണ്ടെങ്കിൽ വിവരിക്കുക (200 വാക്കുകളിൽ എഴുതുക) | |
| 15 | ജൈവവൈവിധ്യവുമമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നൂതന കണ്ടുപിടിത്തങ്ങൾ/പേറ്റന്റ് | |
| 16 | നാട്ടറിവ് സംരക്ഷകർ അപേക്ഷയോടൊപ്പം സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ടോ? ഉണ്ട്/ഇല്ല.<br>ഉണ്ടെങ്കിൽ അവരുടെ പേരും, മേൽവിലാസവും | |
| 17 | Any other information<br>മറ്റു വിവരങ്ങൾ | |

Note: All the above documents should be arranged in the same order as given in the proforma and tagged.

Date: Signature

ആവശ്യമായ സഹായ രേഖകൾ തെളിവിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**KERALA STATE BIODIVERSITY BOARD**
**PROFORMA- III**
**JOURNALIST AWARDS 2019**
**മികച്ച മാധ്യമ പ്രവർത്തകനുള്ള അവാർഡ് -2019**

| | | | |
|---|---|---|---|
| 1 | Name,Address of the Applicant(Journalist) Phone Number & Email ID (അപേക്ഷകന്റെ പേര്, മേൽവിലാസം,ഫോൺനമ്പർ& ഇമെയിൽ ഐഡി) | | Fix passport size Photo of Applicant (അപേക്ഷകന്റെ/അപേക്ഷകയുടെ ഫോട്ടോ) |
| 2 | Category (അവാർഡ് വിഭാഗം) | English ☐<br>Malayalam ☐<br>Electronic ☐ | |
| 3 | Name & Address of the media (പ്രവർത്തിക്കുന്ന മാധ്യമത്തിന്റെ പേരും മേൽ വിലാസവും) | | |
| 4 | Name and address of the proposer, Phone number and Email ID (നിർദ്ദേശിക്കുന്ന വ്യക്തിയുടെ പേരും മേൽ വിലാസം, ഫോൺ നമ്പർ, ഇ. മെയിൽ ഐ.ഡി) | | |
| 5 | Copy of the relevant information's attached (പ്രധാന്യമുള്ള വിവരങ്ങളും രേഖകളും സമർപ്പിക്കുക) | 1. Paper reports (പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ) | |
| | | 2. Publications (പ്രസിദ്ധീകരണങ്ങൾ) | |
| | | 3. Photos/Images (ഫോട്ടോകൾ/ചിത്രങ്ങൾ) | |
| | | 4.CD/Pen Drive സി.ഡി/പെൻ ഡ്രൈവ് | |
| 6 | Awards received (മുൻപ് ലഭിച്ചിട്ടുള്ള അവാർഡുകൾ) | | |

| | | | |
|---|---|---|---|
| 7 | അവാർഡിന്റെ പരിഗണനയിലേയ്ക്കായി ഈ മേഖലയിലെ നടപ്പു വർഷ (01.01.2019 മുതൽ 31.12.2019) പ്രസിദ്ധീകരിച്ചിട്ടുള്ള ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട (കാർഷിക, സസ്യ, ജന്തുക്കൾ) റിപ്പോർട്ട്/ഡോക്യുമെന്ററികളുടെ എണ്ണം | | |
| 8 | കുട്ടികളെ ഉൾപ്പെടുത്തി നടത്തിയിട്ടുള്ള ജൈവവൈവിധ്യ ബോധവൽക്കരണ ലേഖനങ്ങൾ/ഡോക്യുമെന്ററികളുടെ എണ്ണം | | |
| 9. | ജൈവവൈവിധ്യ ലേഖനങ്ങൾ /ഡോക്യുമെന്ററികൾ സമൂഹത്തിൽ വരുത്തിയ മാറ്റങ്ങൾ (200 വാക്കിൽ എഴുതുക | | |
| | Any other information (ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ) | | |
| | Name & Address of Head of Organisations Phone Number & Email ID (മേലധികാരിയുടെ പേരും, മേൽ വിലാസവും, , ഇ.മെയിൽ ഐ.ഡി) | | |
| | | | |

Note: All the above documents should be arranged in the same order as given in the Proforma and tagged.

Date: Signature

ആവശ്യമായ സഹായ രേഖകൾ തെളിവിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**KERALA STATE BIODIVERSITY BOARD**

**PROFORMA- IV**

**SCHOOLS, COLLEGE, INSTITUTIONS AWARD – 2019**

**സ്കൂൾ, കോളേജ്, സ്ഥാപനങ്ങൾക്കുള്ള പുരസ്കാരം-2019**

| | | | |
|---|---|---|---|
| 1 | Name & Address of the Applicant<br>Phone Number & Email ID<br>(അപേക്ഷകന്റെ പേര്, മേൽവിലാസം,ഫോൺനമ്പർ& ഇമെയിൽ ഐഡി) | | |
| 2 | Category<br>(അവാർഡ് വിഭാഗം) | School - Govt ☐ Aided ☐ Unaided ☐ | |
| | | College- Govt ☐ Aided ☐ Unaided ☐ | |
| | | Institution | |
| | | NGO | |
| 3 | Copy of the relevant information's attached<br>(പ്രധാന്യമുള്ള വിവരങ്ങളും രേഖകളും സമർപ്പിക്കുക) | 1. Paper reports<br>()പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ) | |
| | | 2. Publications<br>(പ്രസിദ്ധീകരണങ്ങൾ) | |
| | | 3. Photos/Images<br>(ഫോട്ടോകൾ/ചിത്രങ്ങൾ) | |
| | | 3.CD<br>സി.ഡി/പെൻ ഡ്രൈവ് | |
| 4 | Awards received<br>(മുൻപ് ലഭിച്ചിട്ടുള്ള അവാർഡ്) | | |
| 5 | List of activities/ project implemented & Details of Financial Assistance<br>(ചെയ്ത പ്രവർത്തികളുടേയും, നടപ്പിലാക്കിയ പ്രോജക്ടുകളുടെയും വിവരങ്ങൾ, ലഭിച്ച സാമ്പത്തിക സഹായത്തിന്റെ വിവരങ്ങൾ) | | |
| 6. | എൻ.ജി.ഒ ആണെങ്കിൽ 3 വർഷത്തെ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും. ആഡിറ്റഡ് സ്റ്റേറ്റ്മെന്റും സമർപ്പിക്കുക | | |

| | | |
|---|---|---|
| 7. | ജൈവവൈവിധ്യ പ്രവർത്തനത്തിൽ കുട്ടികൾ/ അധ്യാപകർ/പൊതുജനങ്ങളുടെ പങ്കാളിത്തം വിവരിക്കുക ( 200 വാക്കുകളിൽ എഴുതുക) | |
| 8. | പാഠ്യേതര ജൈവവൈവിധ്യ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടേയും, അദ്ധ്യാപകരുടേയും പങ്കാളിത്തം (200 വാക്കിൽ എഴുതുക) | |
| 8. | കേരള സംസ്ഥാന ജൈവവൈവിധ്യബോർഡിന്റെ നേതൃത്വത്തിലുള്ള ജൈവവൈവിധ്യ ക്ലബ് സ്കൂളിൽ രൂപീകരിച്ചിട്ടുണ്ടോ ? ഉണ്ട് ഇല്ല. ഉണ്ടെങ്കിൽ പ്രവർത്തനങ്ങൾ വിവരിക്കുക (200 വാക്കിൽ എഴുതുക) | |
| 9. | സ്കൂളിൽ/ കോളേജിൽ ജൈവവൈവിധ്യ സംരക്ഷണ മാതൃകകൾ സ്ഥാപിച്ചിട്ടുണ്ടോ (ഉദാ: പാർക്ക്, തോട്ടങ്ങൾ, ഔഷധസസ്യ ഉദ്യാനം, ബയോഗ്യാസ് പ്ലാന്റ്, ബദൽഊർജ/ വിവേ മേഖല, ജൈവവേലി, പുക കുറഞ്ഞ അടുപ്പുകൾ, കമ്പോസ്റ്റ് തുടങ്ങിയവയുടെ വിവരണം | |
| 10 | സ്കൂളിൽ/ കോളേജിൽ അധിനിവേശ സസ്യങ്ങൾ നട്ടിട്ടുണ്ടോ/ കാണപ്പെടുന്നുണ്ടോ?, ഏതൊക്കെ നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ വിവരിക്കുക (200 വാക്കുകളിൽ എഴുതുക) | |
| 11 | ഹരിത നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഹരിത ചട്ടം ഉപയോഗിക്കുന്നുണ്ടോ. | |
| 12 | ജൈവവൈവിധ്യ സംരക്ഷണത്തിൽ പഞ്ചായത്ത്/ നഗരസഭയെ ഉൾപ്പെടുത്തി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിവരിക്കുക (200 വാക്കിൽ എഴുതുക) | |

| | | |
|---|---|---|
| 13 | ജൈവവൈവിധ്യ സംരക്ഷണ പോളിസി രൂപീകരണത്തിൽ ഗവൺമെന്റ്/ ഗവൺമെന്റിതര മേഖലയിൽ ഉള്ള ഇടപെടൽ (200 വാക്കിൽ എഴുതുക) | |
| 14 | സംരക്ഷിക്കുന്ന ജീവ ജാതികൾ ആവാസവ്യവസ്ഥയുടെ വിവരങ്ങൾ (എൻ.ജി.ഒ യ്ക്കു മാത്രം) | |
| 15 | ജൈവവൈവിധ്യ പ്രസിദ്ധീകരണങ്ങൾ/ ഡോക്യുമെന്ററി/സെമിനാറുകൾ/നാട്ടറിവുകൾ തുടങ്ങിയവയുടെ വിവരങ്ങൾ (200 വാക്കിൽ എഴുതുക) | |
| 16 | പ്രളയാനന്തര പഠനത്തിലോ പ്രകൃതി ദുരന്ത ലഘൂകരണവും നേരിടാൻ നടത്തിയ പ്രവർത്തനങ്ങൾ? (200 വാക്കിൽ എഴുതുക) | |
| 17 | വാണിജ്യ/സ്വകാര്യ സ്ഥാപനമാണെങ്കിൽ കമ്പനിയുടെ സി.എസ്.ആർ ഫണ്ടുപയോഗിച്ച് നേരിട്ടോ, അല്ലാതെയോ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിവരിക്കുക (200 വാക്കിൽ എഴുതുക) | |
| | Any other information (ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ) | |
| | Name & Address of Head of Institutions Phone Number & Email ID (മേലധികാരിയുടെ പേരും, മേൽ വിലാസവും, , ഇ.മെയിൽ ഐ.ഡി) | |

Note: All the above documents should be arranged in the same order as given in the proforma and tagged

Date:

Signature of Head of the Signature

ആവശ്യമായ സഹായ രേഖകൾ തെളിവിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.